**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ്" (ഐക്കോൺസ്) - ജീവനക്കാര്യം - കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ആരോഗ്യ സേവന വകുപ്പിലെ ഡോ. അതുൽ ചന്ദ്രൻ ബി. -യെ ഐക്കോൺസിന്റെ ഷൊറണൂർ കേന്ദ്രത്തിൽ പീഡിയാട്രീഷ്യനായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2186/2026/H&FWD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.88/2014/ആ.ക.വ. തീയതി 04.03.2014.
2. ഡോ. അതുൽ ബി. ചന്ദ്രൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 16.03.2026 തീയതിയിലെ അപേക്ഷ
3. ഐക്കോൺസ് ഡയറക്ടർ (ഇൻ ചാർജ്ജ്) ലഭ്യമാക്കിയ 17.06.2026 തീയതിയിലെ 778/Estt/2026/ICCONS-TVPM നമ്പർ കത്ത്
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.06.2026 തീയതിയിലെ DHS/8864/2025-EB1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1)ലെ ഉത്തരവ് പ്രകാരം, 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോഗ്നിറ്റീവ് ന്യൂറോ സയൻസസ്" (ഐക്കോൺസ്)-ൽ 2 പീഡിയാട്രീഷ്യൻമാരെ (തിരുവനന്തപുരം-1 & ഷൊറണൂർ-1 വീതം) ഉൾപ്പെടെ 6 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ, നിലവിൽ ഐക്കോൺസിന്റെ ഷൊർണ്ണൂർ കേന്ദ്രത്തിൽ ഡോക്ടർമാരുടെ കടുത്ത ക്ഷാമം നേരിടുന്നതായും, തുടർന്ന് 44ാമതും, 45ാമതും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളിൽ ഷൊർണ്ണൂർ ഐക്കോൺസിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു ഫിസിഷ്യനെയും

പീഡിയാട്രീഷ്യനെയും നിയമിക്കുന്ന വിഷയം അംഗീകരിച്ചതായും, ഇതേ തുടർന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ വെബ്സൈറ്റ് മുഖാന്തിരം ഐക്കോൺസിലെ പീഡിയാട്രിഷ്യൻ തസ്തികയിലേക്ക് സന്നദ്ധരായ ഡോക്ടർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചതിൻപ്രകാരം, കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ഡോ. അതുൽ ചന്ദ്രൻ ബി. (എം.ബി.ബി.എസ്., എം.ഡി. പീഡിയാട്രിക്സ്) തന്റെ സന്നദ്ധത അറിയിച്ചതായും, മേൽ സാഹചര്യത്തിൽ, ഡോ. അതുൽ ചന്ദ്രൻ ബി.-നെ അന്യത്രസേവന വ്യവസ്ഥയിൽ ഐക്കോൺസിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഐക്കോൺസ് ഡയറക്ടർ (ഇൻ ചാർജ്) പരാമർശ കത്ത് പ്രകാരം സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2. ഡോ. അതുൽ ചന്ദ്രൻ ബി.-യുടെ സേവനം അന്യത്രസേവന വ്യവസ്ഥയിൽ ഐക്കോൺസിനു വിട്ടു നൽകുന്നതിൽ ആരോഗ്യ വകുപ്പിന് തടസ്സവാദങ്ങൾ ഒന്നും തന്നെയില്ലെന്ന് പരാമർശം (4)ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ആരോഗ്യ വകുപ്പിലെ ഡോ. അതുൽ ചന്ദ്രൻ ബി.-യെ ഐക്കോൺസിന്റെ ഷൊറണൂർ കേന്ദ്രത്തിൽ പീഡിയാട്രിഷ്യനായി ഒരു വർഷത്തേയ്ക്ക് നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കും, മാനദണ്ഡങ്ങൾക്കും അനുസൃതമായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപാ സുരേന്ദ്രൻ

അഡീഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ (ഇൻ ചാർജ്), ഐക്കോൺസ്, തിരുവനന്തപുരം.

ഡോ.അതുൽ ചന്ദ്രൻ ബി., കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി, കണ്ണൂർ.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/99/2026-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 02-07-2026 14:47:10

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ

പി.എ.-യ്ക്ക്